**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1944 — 04.10.2011 - ലെ മറുപടിക്ക്

**നഗരസഭകളുടെ ധനസ്ഥിതി മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരസഭകൾ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പോലും നിവൃത്തി യില്ലാതെ കടക്കെണിയിൽ പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) നഗരസഭകൾക്ക് ദൈനംദിന ആവശ്യങ്ങൾക്ക്പോലും പണമില്ലാത്ത അവസ്ഥ തരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ; | (എ) യും (ബി) യും | സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ വകയിരുത്തുന്ന വിഹിതമാണ് കാലാകാലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നത്. ഇപ്രകാരം പരമ്പരാഗത ചെലവുകൾക്കും സംരക്ഷണ ചെലവുകൾക്കുമുള്ള ബജറ്റ് വിഹിതം, പദ്ധതി വിഹിതം എന്നിവ നഗരസഭകൾക്ക് നൽകിവരുന്നുണ്ട്. |
| (സി) നഗരസഭകൾക്കുള്ള ഗ്രാന്റിൽ നിന്നും നേരിട്ട് ഗവൺമെന്റ് കുടിശ്ശിക ഈടാക്കുന്നുണ്ടോ യെന്നറിയിക്കുമോ ? | (സി) | നഗരസഭകൾ വിവിധ സ്ഥാപനങ്ങൾക്ക് നിയമാനുസൃതം നൽകേണ്ട തുക (വാട്ടർചാർജ്ജ്, ലൈബ്രറിസെസ് തുടങ്ങിയവ) നൽകുന്നതിൽ വീഴ്ച വരുത്തുന്ന സന്ദർഭങ്ങളിൽ കുടിശ്ശിക തുക അവയ്ക്ക് അർഹമായ ഗ്രാന്റിൽ നിന്നും കുറവ് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ